പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5232 | 27.06.2019 ൽ മറുപടിയ്ക്ക്

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ ഇടപെടൽ

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീമതി സി.കെ.ആശ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷനെ വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിയുന്ന തരത്തിൽ പൊതുവിപണിയിലിടപെടാൻ പ്രാപ്തമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി, വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം 150 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയുള്ള വിപണിയിടപെടൽ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മുൻകാലങ്ങളിലേതിനേക്കാൾ കൂടുതൽ തുക സപ്ലൈകോയ്ക്ക് നൽകുകയും സപ്ലൈകോ വിൽപ്പനശാലകളിൽ നിന്നും മികവുറ്റ സേവനങ്ങൾ ലഭ്യമാക്കുന്നതിനും വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പ്ലാൻ ഫണ്ടിൽ 5 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുമുണ്ട്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ആരംഭിച്ച മാവേലി സ്റ്റോർ, മാവേലി സൂപ്പർസ്റ്റോർ, പീപ്പിൾസ് ബസാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 41 മാവേലി സ്റ്റോറുകളും 8 സൂപ്പർ മാർക്കറ്റുകളും 5 മാവേലി സൂപ്പർ സ്റ്റോറുകളും പുതിയതായി ആരംഭിച്ചിട്ടുണ്ട്. 41 മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും 13 മാവേലി സ്റ്റോറുകളെ മാവേലി സൂപ്പർ സ്റ്റോറുകളായും ഉയർത്തിയിട്ടുണ്ട്. കൂടാതെ ഒരു മാവേലി സ്റ്റോറിനെയും 3 സൂപ്പർ മാർക്കറ്റുകളെയും പീപ്പിൾസ് ബസാറായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പൊതുവിപണിയിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ സപ്ലൈകോ വിപണന ശാലകളിലെ അവശ്യ | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | സാധനങ്ങളുടെ വില നിലവാരം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | | |
| (ഡി) | മാവേലി സ്റ്റോറുകളിലെ അവശ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ല എന്ന വാഗ്ദാനം പാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ഡി) | സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്ന 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കൂടാതെ വാങ്ങൽവിലയിൽ കുറവുണ്ടായിട്ടുള്ള അവസരങ്ങളിൽ ആനുപാതികമായ കുറവ് സബ്സിഡി വിൽപ്പനവിലയിൽ വരുത്തിയിട്ടുമുണ്ട്. |
| (ഇ) | മാവേലി സ്റ്റോറുകളുടെ വിപണന ശൃംഖല പ്രയോജനപ്പെടുത്തി പുത്തൻ വ്യാപാരമേഖലകൾ തുറക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | സപ്ലൈകോയുടെ വിപണന ശൃംഖല പ്രയോജനപ്പെടുത്തി പുത്തൻ വ്യാപാര മേഖല തുറക്കുന്നതിന്റെയും ഉൽപ്പന്നവൈവിദ്ധ്യവൽക്കരണത്തിന്റെയും ഭാഗമായും ഗൃഹോപകരണ വിപണിയിലെ ഉപഭോക്തൃ ചൂഷണം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും സപ്ലൈകോ 2018-19 സാമ്പത്തിക വർഷം 19 വിൽപ്പനശാലകളോട് ചേർത്ത് ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. 51 വിൽപ്പനശാലകളിൽക്കൂടി ഗൃഹോപകരണ വിൽപ്പന ആരംഭിക്കാനുള്ള നടപടിയെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 20/06/2019 (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ | ഒരു റേഷൻകാർഡിന് ഒരുമാസം അനുവദിച്ച അളവ് |
|---|---|---|---|---|---|---|
| 1 | ചെറുപയർ | 59.00 | 93.50 | 34.50 | 36.90% | 2 Kg |
| 2 | ഉഴുന്ന് ബോൾ | 60.00 | 92.57 | 32.57 | 35.18% | 1 Kg |
| 3 | വൻകടല | 39.00 | 75.93 | 36.93 | 48.64% | 2 Kg |
| 4 | വൻപയർ | 45.00 | 71.07 | 26.07 | 36.68% | 1 Kg |
| 5 | തുവര പരിപ്പ് | 49.00 | 97.93 | 48.93 | 49.96% | 2 Kg |
| 6 | മുളക് | 75.00 | 131.00 | 56.00 | 42.75% | ½ Kg |
| 7 | മല്ലി | 75.00 | 102.00 | 27.00 | 26.47% | ½ Kg |
| 8 | പഞ്ചസാര | 22.00 | 38.07 | 16.07 | 42.21% | 1 Kg |
| 9 | വെളിച്ചെണ്ണ | 90.00 | 202.85 | 112.85 | 55.63% | ½ ലിറ്റർ |
| 10 | ജയ അരി | 25.00 | 37.00 | 12.00 | 32.43% | എല്ലാ ഇനവും കൂടി 10 Kg |
| 11 | കുറുവ അരി | 25.00 | 36.50 | 11.50 | 31.51% | |
| 12 | മട്ട അരി | 24.00 | 37.57 | 13.57 | 36.12% | |
| 13 | പച്ചരി | 23.00 | 34.67 | 11.67 | 33.66% | |
| 14 | ആന്ധ്ര ഇതര ജയ അരി | 25.00 | 36.00 | 11.00 | 30.56% | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ